16/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ എ.പി.920 (3)/2021/എസ്.ഐ.സി

(ഫയൽ നം. 4769/എസ്.ഐ.സി - ജി1/2021 )

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

സന്നിഹിതൻ

ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 06/01/2023

ശ്രീ. രാജൻ ,
നന്ദനം വീട്,
ഇടശ്ശേരി കിഴക്കതിൽ,
എരുവ, പത്തിയൂർ പി.ഒ.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പത്തിയൂർ ഗ്രാമ പഞ്ചായത്ത്,
പത്തിയൂർ.

2. അപ്പീൽ അധികാരി & പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
ആലപ്പുഴ
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | **02.11.2020** |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | - |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | **14.12.2020** |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 12.01.2021, 08.03.2021 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | **09.04.2021** |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി. | **09.04.2021** |

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ പത്തിയൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ എരുവ ഇടശ്ശേരി കിഴക്കേതിൽ നന്ദനം വീട്ടിൽ ശ്രീ. രാജൻ, 02.11.2020 ൽ സമർപ്പിച്ച വിവരാവകാശ

നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ലഭിച്ചില്ല എന്നും ഇതിന്മേലുള്ള ഒന്നാം അപ്പീൽ ഹർജിയിൽ ആലപ്പുഴ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് ഏകപക്ഷീയമായ തീരുമാനം എടുത്തു എന്നുമാണ് ഈ രണ്ടാം അപ്പീൽ ഹർജിയിലെ പരാതി.

2. കേരള ഹൈക്കോടതിയിൽ അപ്പീൽ വാദി നൽകിയ WP(c) 33994/2016 -ാം നമ്പർ കേസിൽ 18.11.2019 ന് ഉണ്ടായ വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളാണ് ആവശ്യപ്പെട്ടിരുന്നത്. ഇതിനു വ്യക്തമായ മറുപടി എസ്.പി.ഐ.ഒ നൽകാതിരുന്നതിനെ തുടർന്ന് ഒന്നാം അപ്പീൽ അധികാരി ഈ അപേക്ഷയിൽമേൽ വ്യക്തമായ മറുപടി നൽകണമെന്നും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ആവശ്യമായവയുടെ പകർപ്പ് ലഭ്യമാക്കണമെന്നു നിർദ്ദേശിച്ചിരുന്നു. എന്നാൽ ആ നിർദ്ദേശവും എസ്.പി.ഐ.ഒ പാലിച്ചില്ല. രേഖകൾ പരിശോധിക്കുന്നതിന് എസ്.പി.ഐ.ഒ യുടെ നിർദ്ദേശപ്രകാരം
അപ്പീൽ വാദി പത്തിയൂർ പഞ്ചായത്ത് ഓഫീസിൽ പല തവണ എത്തിയിട്ടും പല കാരണങ്ങൾ പറഞ്ഞ് അദ്ദേഹത്തിന് റെക്കോർഡുകൾ കാണാനുള്ള അവസരം നിഷേധിക്കുകയും ഫയൽ പരിശോധിക്കുന്നതിന് സമ്മതിക്കാതിരിക്കുകയും, ആവശ്യപ്പെട്ട രേഖകൾ നൽകാതിരിക്കുകയും ആവശ്യമില്ലാത്ത ചില രേഖകളുടെ പകർപ്പ് ഫീസ് അടപ്പിച്ച് നൽകുകയും ചെയ്തു എന്ന അപ്പീൽ വാദിയുടെ പരാതി ശരിയാണെന്നു 30/12/2022 ന് ആലപ്പുഴ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ കമ്മീഷന് ബോധ്യമായി.

3. ഹിയറിംഗ് സമയത്ത് ഇപ്പോഴത്തെ എസ്.പി.ഐ.ഒ യും അപ്പീൽ അധികാരിയും റിപ്പോർട്ട് കാലയളവിലെ എസ്.പി.ഐ.ഒ ആയ ശ്രീ. ഗീവർഗ്ഗീസ്.പി.എ ( മുൻ പത്തിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി) ഹാജരായി. റിപ്പോർട്ട് കാലയളവിലെ എസ്.പി.ഐ.ഒ യെ നേരിൽ കേട്ടതിൽ നിന്നും അപ്പീൽ വാദിയുടെ അപേക്ഷയ്ക്ക് വ്യക്തമായ മറുപടി നൽകാതിരിക്കാനും ഫയൽ കാണിക്കാതിരിക്കാനും ആസൂത്രിതമായ ശ്രമങ്ങൾ മുൻ എസ്.പി.ഐ.ഒ യുടെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ടെന്ന് കമ്മീഷന് ബോധ്യമായി. ഇക്കാര്യത്തിൽ പഞ്ചായത്ത് സെക്രട്ടറി കൂടിയായ എസ്.പി.ഐ.ഒ നിയമലംഘനവും ഗുരുതരമായ അച്ചടക്ക ലംഘനവും നടത്തിയിട്ടുണ്ട്. അപ്പീൽ വാദിക്ക് വിവരം നൽകാതിരിക്കുക, ഒന്നാം അപ്പീൽ അധികാരിയുടെ

നിർദ്ദേശം നടപ്പിലാക്കാതിരിക്കുകയും വിവരാവകാശ നിയമപ്രകാരം തന്നെ സമീപിച്ച അപേക്ഷകനെ പല പ്രാവശ്യം തന്റെ ഓഫീസിൽ കയറി ഇറങ്ങിയിട്ടും ഫയലുകൾ കാണിക്കാത്ത, വിവരം നൽകാത്ത റിപ്പോർട്ട് കാലയളവിലെ എസ്.പി.ഐ.ഒ കുറ്റം ചെയ്തിരിക്കുന്നതായി കമ്മീഷന് ബോധ്യമാകുന്നു. ടിയാൾക്ക് എതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ റിപ്പോർട്ട് കാലയളവിലെ എസ്.പി.ഐ.ഒ യ്ക്ക് മറിച്ച് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ 2023, ജനുവരി മാസം 30-ാം തീയതിക്കകം ഈ കമ്മീഷനിൽ വിശദീകരണം സമർപ്പിക്കേണ്ടതാണ് എന്നും അന്നേ ദിവസം ടിയാൻ നേരിൽ ഹാജരായാൽ അദ്ദേഹത്തെ ഈ കമ്മീഷൻ നേരിട്ടു കേൾക്കുന്നതാണെന്നും അല്ലാത്ത പക്ഷം ടിയാന് ഒന്നും ബോധിപ്പിക്കാനില്ലെന്ന് കണ്ട് ശിക്ഷാനടപടികളുമായി കമ്മീഷൻ മുന്നോട്ടു പോകുന്നതായിരിക്കും.

4. ഇപ്പോഴത്തെ എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ ഈ കേസിലെ അപ്പീൽ വാദിക്ക് അദ്ദേഹം ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടെന്ന് കമ്മീഷനെ ബോധിപ്പിച്ചു. ഹിയറിംഗിൽ അപ്പീൽ വാദി ഹാജരാകാത്ത സാഹചര്യത്തിൽ അദ്ദേഹത്തിന് ഇക്കാര്യത്തിൽ എതിർ അഭിപ്രായം ഉണ്ടോ എന്ന് ബോധ്യപ്പെടാൻ കഴിഞ്ഞില്ല. എങ്കിലും ഇപ്പോഴത്തെ എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത് പോലെ അദ്ദേഹത്തിന് അയച്ചു നൽകിയിട്ടുള്ള രേഖകളുടെ ഒരു പകർപ്പു കൂടി അപേക്ഷകന് 25.01.2023 നകം ലഭ്യമാക്കാൻ നിർദ്ദേശിച്ച് ഈ അപ്പീൽ ഹർജിയിൽ ഇന്നേ ദിവസം 2023, ജനുവരി മാസം 6-ാം തീയതി താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
എ. അബ്ദുൽ ഹക്കീം,
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

DBSPA ...
Dt. 27/2/27


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

**പുന്നൻ റോഡ്, തിരുവനന്തപുരം 695 001**

Tel 0471 2561613, 2561614, 2561615, Fax: 0471 2330920

Email:- sic.ker@nic.in


## AP No. 920(3)/2021/SIC തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

File No. 4769/ SIC-G1/2021

(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

സന്നിഹിതൻ

ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 07/02/2023

ശ്രീ. രാജൻ
നന്ദനം വീട്, ഇടശ്ശേരി കിഴക്കതിൽ,
എരുവ, പത്തിയൂർ പി.ഒ,
ആലപ്പുഴ ജില്ല - 690 564. } അപ്പീൽ ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
പത്തിയൂർ ഗ്രാമ പഞ്ചായത്ത്,
പത്തിയൂർ, ആലപ്പുഴ ജില്ല.

അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ
കാര്യാലയം, ആലപ്പുഴ. } എതിർകക്ഷികൾ

**അന്തിമ ഉത്തരവ്**

മേൽ അപ്പീൽ ഹർജിയിൻമേൽ കമ്മീഷന്റെ 2023 ജനുവരി മാസം 6-ാം തീയതിയിലെ ഉത്തരവ് പ്രകാരം പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കാതിരിക്കാൻ വിശദീകരണം തേടിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 30/01/2023 ന് കമ്മീഷൻ ടിയാനെ നേരിൽ കേൾക്കുകയും ഹർജിക്കാരന് വിവരങ്ങൾ നൽകിയതായി കാണുന്നതിനാൽ ടിയാന്റെ വിശദീകരണത്തിന്റേയും വിവരണത്തിന്റേയും അടിസ്ഥാനത്തിൽ ടിയാനെ ശിക്ഷാ നടപടികളിൽ നിന്ന് ഒഴിവാക്കി ഈ ഫയലിലെ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 2023 ഫെബ്രുവരി മാസം 7-ാം തീയതി കമ്മീഷൻ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**എ. അബ്ദുൽ ഹക്കീം**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി